ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കുള്ള സംവരണം

19 (3741) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിലേക്ക് 10% സംവരണം അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുകയുണ്ടായോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഡി.പി.ഐ. സർക്കുലർ ഇറക്കിയിരുന്നോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) സർക്കാർ ഉത്തരവിന് വിരുദ്ധമായി നിബന്ധനകൾ ഉൾപ്പെടുത്തി ഇറക്കിയ സർക്കുലർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇക്കാര്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

(ഇ) ഹെഡ്ക്വാർട്ടേഴ്സിലും എല്ലാ ജില്ലകളിലും മേൽ ഉത്തരവ് പ്രകാരം പ്രൊമോഷൻ അനുവദിക്കുകയുണ്ടായോ ; വിശദാംശം നൽകുമോ ;

(എഫ്) പ്രൊമോഷൻ അനുവദിക്കാത്തിടത്ത് പ്രൊമോഷൻ നൽകുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) സർക്കാർ സർവ്വീസിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലാർക്ക്/ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് 10% സംവരണം നൽകുന്നതിനുള്ള ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സർക്കാർ ഉത്തരവ് അനുസരിച്ച് ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമിതരായ ലാസ്റ്റ്ഗ്രേഡ് ജീവനക്കാരെ അവരവരുടെ ഓപ്റ്റഡ് ജില്ലകളിലുൾപ്പെടുത്തുന്നതിനായി സർവ്വീസ് കാർഡ് പരിശോധിച്ചുകൊണ്ട് ഒരു സർക്കുലർ ഇറക്കിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) ജില്ലകളിൽ പ്രൊമോഷൻ നടപ്പിലാക്കിയിട്ടുണ്ട്. ഹെഡ്ക്വാർട്ടേഴ്സിൽ ഇതുവരെ പ്രൊമോഷൻ നൽകിയിട്ടില്ല.

(എഫ്) നടപടി സ്വീകരിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly